**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1165** **31-01-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി മത്സ്യബന്ധന ബോട്ടുകൾക്ക് മണ്ണെണ്ണയ്ക്ക് പണം അനുവദിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ്** | | **ശ്രീ സജി ചെറിയാൻ**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി മത്സ്യബന്ധനത്തിന് കൂടുതൽ ദൂരം വളഞ്ഞു സഞ്ചരിക്കേണ്ടി വരുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ ബോട്ടുകൾക്കുള്ള മണ്ണെണ്ണയ്ക്ക് പണം അനുവദിച്ച് നൽകുന്ന പദ്ധതിയുടെ ആരംഭത്തിൽ എത്ര ഗുണഭോക്താക്കൾ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ; എത്ര തുകയാണ് ആദ്യ വർഷം ഈ ഇനത്തിൽ വിതരണം ചെയ്തത്; | (എ) | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി മത്സ്യബന്ധനത്തിന് കൂടുതൽ ദൂരം വളഞ്ഞു സഞ്ചരിക്കേണ്ടി വരുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ ബോട്ടുകൾക്കുള്ള മണ്ണെണ്ണ അനുവദിച്ച് നൽകുന്ന പദ്ധതിയുടെ ആരംഭത്തിൽ 1221 ഗുണഭോക്താക്കൾക്കായി മണ്ണെണ്ണ കാർഡ് അനുവദിച്ചിരുന്നു.<br><br>വിഴിഞ്ഞം സൗത്ത് , വിഴിഞ്ഞം നോർത്ത് , അടിമലത്തുറ എന്നീ മത്്സ്യഗ്രാമങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും (2015 മാർച്ചിലെ സംയുക്ത പരിശോധനയനുസരിച്ച്) 1221 ഗുണഭോക്താക്കൾക്ക് 10/11/2017 ലെ സ.ഉ.(കൈ) നം.25/2017/മ.തു.വ ഉത്തരവ് പ്രകാരം രണ്ടു വർഷത്തേക്ക് മണ്ണെണ്ണ വിതരണത്തിന് അനുവദിച്ച 27,18,14,400/- രൂപയിൽ മത്സ്യഫെഡ് വഴി 2022 ഫെബ്രുവരി മാസം വരെ 23 മാസത്തെ തുകയായി ആകെ 27,00,67,812.80/- രൂപ വിതരണം ചെയ്തിട്ടുണ്ട് . |
| (ബി) | കഴിഞ്ഞ വർഷം ഗുണഭോക്താക്കളുടെ എണ്ണം എത്രയായി കുറച്ചുവെന്നും ആയതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ; നിലവിൽ ഗുണഭോക്താക്കളുടെ എണ്ണം വീണ്ടും കുറച്ചിട്ടുണ്ടോ.എങ്കിൽ എത്ര പേരുടെ കുറവ് വരുത്തിയിട്ടുണ്ടെന്നും ആയതിനുള്ള എന്താണെന്നും വെളിപ്പെടുത്തുമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജിന്റെ ഭാഗമായ മണ്ണെണ്ണ വിതരണം പുനരാരംഭിക്കുന്നതിനായി 30/04/2022 ലെ സ.ഉ.(സാധാ)നം. 270/2022/മതുവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 02/12/2021 ലെ സ.ഉ.(സാധാ)നം.718/2021/മതുവ പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെയടിസ്ഥാനത്തിൽ 2022 ഫെബ്രുവരി മാസം നടത്തിയ മത്സ്യ ബന്ധനയാനങ്ങളുടെ മണ്ണെണ്ണ സബ്സിഡിക്കായുള്ള സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ നിന്നും 30/04/2022 ലെ സർക്കാർ ഉത്തരവിലെ ചുവടെ പറയുന്ന പ്രധാന നിബന്ധനകൾക്ക് വിധേയമായി 322 പേരുടെ ലിസ്റ്റ് |

| | | | |
|---|---|---|---|
| | | | 20.08.2022 തീയതിയിൽ കൂടിയ AC - LIAC യോഗം അംഗീകരിക്കുകയുണ്ടായി.<br><br>1. മുൻപ് നൽകിയിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ട 2353 എഞ്ചിനുകൾ ഉപയോഗിച്ചാണ് മത്സ്യബന്ധനം നടത്തുന്നതെന്ന് ഫിഷറീസ് വകുപ്പും, പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റും സംയുക്ത പരിശോധന നടത്തി, അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ മണ്ണെണ്ണയുടെ തുടർ വിതരണം നടത്തുവാൻ പാടുള്ളൂ.<br>2.പുലിമുട്ട് നിർമ്മാണം മൂലം ചുറ്റി വളഞ്ഞു പോകേണ്ടി വരുന്ന യാനങ്ങൾക്ക് ഒരു തൊഴിലാളിക്ക് ഒരു എഞ്ചിൻ എന്ന ക്രമത്തിൽ മാത്രമേ മേൽ മണ്ണെണ്ണ വിതരണം അനുവദിക്കുകയുള്ളൂ.<br>3.നിലവിലെ നിബന്ധനകൾക്ക് വിധേയമായി, നിഷ്കർഷിച്ചിരിക്കുന്ന ലൈഫ് പിരീഡിനുള്ളിൽ വരുന്ന എഞ്ചിനുകൾക്ക് മാത്രമേ മണ്ണെണ്ണ ആനുകൂല്യം ലഭ്യമാകുകയുള്ളൂ.<br><br>ആയതിന്റെ അടിസ്ഥാനത്തിൽ റിയൽ ക്രാഫ്റ്റിലെ വെരിഫിക്കേഷൻ പ്രകാരം 322 പേർക്ക് മണ്ണെണ്ണ പെർമിറ്റ് കാർഡ് മൽസ്യഫെഡ് ജനറേറ്റ് ചെയ്ത് വിതരണം ചെയ്തു വരുന്നു. ഇപ്പോൾ 322 ഗുണഭോക്താക്കളെയാണ് അർഹരായി കണക്കാക്കിയിട്ടുള്ളത്. |
| (സി) | ഏതു വർഷം വരെ മണ്ണെണ്ണയ്ക്ക് തുക നൽകുന്നതിനാണ് ആദ്യം തീരുമാനിച്ചിരുന്നത്; തുറമുഖ പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ഇത് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു വർഷം വരെയാണ് ദീർഘിപ്പിച്ചുനൽകിയത്; ഇപ്രകാരം ദീർഘിപ്പിച്ച കാലയളവിലെ മണ്ണെണ്ണയുടെ വില ഏതെങ്കിലും ഗുണഭോക്താവിന് നാളിതുവരെ നൽകിയിട്ടുണ്ടോ; | (സി) | 2018 ഏപ്രിൽ മാസം മുതൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പുലിമുട്ട് നിർമ്മാണ കാലയളവായ 2 വർഷം (പ്രതിവർഷം 240 പ്രവർത്തി ദിനങ്ങൾ എന്ന കണക്കിൽ) അധികമായി യാത്ര ചെയ്യേണ്ടി വരുന്ന ദൂരം കണക്കാക്കി പ്രവർത്തി ദിനങ്ങളിൽ എഞ്ചിൻ ശേഷിയുടെ അടിസ്ഥാനത്തിൽ മത്സ്യഫെഡ് മുഖാന്തിരം മണ്ണെണ്ണ വിതരണം ചെയ്യുന്നതിനാണ് ആദ്യം തീരുമാനിച്ചിരുന്നത് . എന്നാൽ, പുലിമുട്ട് നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യത്തിൽ 13/10/2023 ലെ സ .ഉ.(സാധാ) നം.823/2023/മ.തു.വ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് കൂടി മണ്ണെണ്ണ വിതരണം നടത്തുന്നതിലേക്കായി 4,56,70,000/- രൂപ വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് (VISL) നു അനുവദിച്ചിട്ടുണ്ട് . 2024 ജനുവരി മാസം മുതൽ ഒരു വർഷത്തേക്ക് 322 പേർക്ക് മണ്ണെണ്ണ വിതരണം നടത്തുന്നതിന് മത്സ്യഫെഡ് അനുമതി നൽകിയിട്ടുണ്ട് . |
| (ഡി) | ആനുകൂല്യം ദീർഘിപ്പിച്ചുനൽകിയ വർഷത്തിൽ തുക വിതരണം ചെയ്യുന്നതിന് മുമ്പ് ഗുണഭോക്താക്കളുടെ ലിസ്റ്റിൽ നിന്നും ഭൂരിപക്ഷം പേരെയും | (ഡി) | ഉണ്ട് . വിഷയം പരിശോധിച്ച് വരുന്നു . |

| | | | |
|---|---|---|---|
| | ഒഴിവാക്കിയെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടി പുന:പരിശോധിച്ച് അർഹതപ്പെട്ട എല്ലാവർക്കും മണ്ണെണ്ണയുടെ വില അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ